711

നം. സി.എ./1484/2018/റ്റിബിഒ

പാഠപുസ്തക ഓഫീസറുടെ കാര്യാലയം,
പത്മവിലാസം റോഡ്, തിരുവനന്തപുരം-23,
തീയതി : 16/01/2021
ഫോൺ നം. 0471 2450027
textbookofficer@gmail.com

പാഠപുസ്തക ഓഫീസർ

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം-പാഠപുസ്തക വിഭാഗം-2010-11 മുതൽ 2020-21 വർഷം വരെ 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ വില അടച്ചത് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച്.

സൂചന:-

സംസ്ഥാനത്തെ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2010-11 മുതൽ എറണാകുളം കെ.ബി.പി.എസിനെ ചുമതലപ്പെടുത്തുകയും അതനുസരിച്ച് ഇൻഡന്റ് ചെയ്യുന്ന പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികൾക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുന്നു. 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ വില അതാത് വർഷം മാർച്ച് 31-നകം സ്കൂൾ സൊസൈറ്റി സെക്രട്ടറി/പ്രസിഡന്റുമാർ ട്രഷറിയിൽ അടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത് ഈ ഇനത്തിൽ അടച്ച തുകയുടെ വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിനും ഓഡിറ്റ് ടീമിനും നൽകേണ്ടതുണ്ട്. ആയതിനാൽ 2010-11 മുതൽ 2020-21 വരെയുള്ള ടി വിവരങ്ങൾ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ ശേഖരിച്ച് ഓരോ വർഷവും പ്രത്യേകം കൺസോളിഡേറ്റ് ചെയ്ത് 15 ദിവസത്തിനകം ഈ ഓഫീസിലേയ്ക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

അജിത്കുമാർ.പി.
പെൻ : 198142
പാഠപുസ്തക ആഫീസർ
(പൂർണ്ണ അധികച്ചുമതല)

Bs/

## പ്രൊഫോർമ

**2010–11 മുതൽ 2020–21 വരെ സ്കൂൾ സൊസൈറ്റി സെക്രട്ടറി/പ്രസിഡന്റുമാർക്ക് ലഭിച്ച 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ വിലയും അടച്ച തുകയും സംബന്ധിച്ച വിവരങ്ങൾ**

വിദ്യാഭ്യാസ ജില്ലയുടെ പേര് :

| ക്രമ നം. | സ്കൂൾ സൊസൈറ്റിയുടെ പേര് | വർഷം | ലഭിച്ച പാഠപുസ്തകങ്ങളുടെ ആകെ വില | പ്രസ്തുത വർഷം ട്രഷറിയിൽ അടച്ച തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |
| | ആകെ | | | | |

ജില്ലാ വിദ്യാഭ്യാസ ആഫീസർ

കുറിപ്പ് :- ഓരോ വർഷത്തിനും പ്രത്യേകം പ്രൊഫോർമയിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3/ 27/1

ഉത്തരവുകൾ നം. ഇ3-10461/18 തീയതി 1.1.21 ഡി.ഡി.ഇ, ഇടുക്കി.

പകർപ്പ് അറിവിലേക്കും തുടർനടപടിക്കുമായും നൽകുന്നു. പ്രൊഫോർമ ഉൾപ്പെടെ സർക്കുലർ/എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രധാനാധ്യാപകരും പൂരിപ്പിച്ച് 30.1.21 നകം (എക്സൽ ഫോർമാറ്റിൽ) മെയിൽ ചെയ്യേണ്ടതും പകർപ്പ് ഈ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.

25/1/21

ഡി.ഡി.ഇ
25/1/21 ഇടുക്കി.